സഹായങ്ങളുടെയും കയർ സഹകരണ സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി എൻ.സി.ആർ.എം.ഐ.-യിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം' എന്ന പദ്ധതി ഇപ്പോഴും തുടരുന്നു.

(സി) പരിശോധിക്കാവുന്നതാണ്. സർക്കാർ ഓഫീസുകളിൽ കയർ ഉല്പന്നങ്ങൾ മാത്രം ഉപയോഗിക്കാൻ ആവശ്യപ്പെട്ടുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും പദ്ധതി

219 (1302) ശ്രീ. എ. ടി. ജോർജ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊണ്ട് സംഭരണത്തിനും ചകിരി ഉല്പാദനത്തിനും വേണ്ടി പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ ഇപ്പോഴും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് അതുപയോഗിച്ച്, ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനാണ് അനുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) 5-2-2015-ലാണ് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് "തൊണ്ടു സംഭരണവും ചകിരി ഉല്പാദനവും" പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി പ്രചാരം ത്വരിതപ്പെടുത്തേണ്ട ചകിരി, കയർ എന്നിവയുടെ വിലനിർണ്ണയ സമിതി പുനഃക്രമീകരിച്ചുകൊണ്ട് 12-10-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ ആദ്യയോഗം 27-11-2015-ന് ആലപ്പുഴയിൽ വച്ച് ചേർന്നിരുന്നു. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിച്ചുവരുന്നു.

കയർഫിബർ സംഘങ്ങൾ

220 (1303) ശ്രീ. പി. കെ. ഗുരുദാസൻ : രാജൻ കാണാനു ചോദ്യങ്ങൾക്ക് വനവും കയറും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) നിലവിൽ പ്രവർത്തിക്കുന്ന കയർഫിബർ സംഘങ്ങൾ ഏതു; പ്രസ്തുത സംഘങ്ങളുടെ മുഴുവൻ തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കുമോ:

(ബി) അടഞ്ഞു കിടക്കുന്ന കയർഫിബർ സംഘങ്ങൾ ഏതു; പ്രസ്തുത സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രവർത്തന സജ്ജമായിട്ടുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ഏതുയെന്നറിയിക്കുമോ; പ്രസ്തുത സംഘങ്ങളുടെ മുഴുവൻ തിരിച്ചുള്ള പേര് വിവരം നൽകുമോ;

(ഡി) അടഞ്ഞ് കിടക്കുന്ന മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ഏതുയെന്നറിയിക്കാമോ;പ്രസ്തുത സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly